**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2122** **16-03-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ജാഗ്രത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാലിന്യ സംസ്കരണവും പകർച്ചവ്യാധി പ്രതിരോധവും ലക്ഷ്യമിട്ട് ആരംഭിച്ച ആരോഗ്യ ജാഗ്രത പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രത്യേക ഗ്രാമസഭകൾ ചേർന്ന് വാർഡുതല മാതൃകാ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തവും കൂടി ഉറപ്പാക്കി 2022 ലെ ആരോഗ്യജാഗ്രതാ - പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ 'ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം' എന്ന പേരിൽ ക്യാമ്പയിനായി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 05.03.2021 ന് സംസ്ഥാനതലത്തിൽ ജില്ലാ തല ഓഫീസർമാർക്ക് ഒരു ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. 22.02.2022 തീയതിയിലെ 31/ ഡിസി1/2022/തസ്വഭവ നമ്പർ സർക്കാർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വാർഡുതലത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 2022 ഏപ്രിൽ 5 മുതൽ പ്രത്യേക ഗ്രാമസഭയും ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണവും (ആരോഗ്യ ജാഗ്രതാ ഗ്രാമസഭ) നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | പാഴ്‌വസ്തുക്കളും ഇ-മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന മറ്റു പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | (ബി) | പാഴ് വസ്തുക്കളും, ഇ-മാലിന്യങ്ങളും ക്ലീൻ കേരള കമ്പനി മുഖേന നീക്കം ചെയ്യുന്നതിന് ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം' എന്ന ക്യാമ്പയിന്റെ ഭാഗമായി ലക്ഷ്യമിടുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു. 1. ഓരോ വീടുകളിലും സ്ഥാപനങ്ങളിലും, പൊതുയിടങ്ങളിലും മാലിന്യമുക്ത പരിസരം ഉറപ്പാക്കുന്ന പ്രായോഗിക പ്രവർത്തനവും അതിലൂടെ പകർച്ചവ്യാധികൾ ഉണ്ടാകുന്നത് തടയുന്നതിനുള്ള അവസ്ഥ വിലയിരുത്തുന്നു. 2. ആരോഗ്യ സുരക്ഷയ്ക്കും |

| | | | |
|---|---|---|---|
| | | | പരിസ്ഥിതിയ്ക്കും ദോഷം ചെയ്യുന്ന തരത്തിൽ മാലിന്യം വലിച്ചെറിയുക, കത്തിയ്ക്കുക, നിക്ഷേപിക്കുക എന്നിവ ചെയ്യുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ചും തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി പ്രകാരവും കർശന നിയമനടപടികൾ സ്വീകരിക്കുന്നു. 3. മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും സംസ്കരണം ശാസ്ത്രീയമാക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയ സർക്കാർ ഓഫീസുകളുടെ വിലയിരുത്തൽ നടത്തി അംഗീകാരം നൽകുന്നതോടൊപ്പം പൊതു പരിപാടികളിലും ആഘോഷങ്ങളിലും ഉത്സവങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കുന്നു. 4. ഹരിതകർമ്മസേനയെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് വീട്ടുവീടാന്തരവും സ്ഥാപനങ്ങളിലും ബോധവൽക്കരണ പ്രവർത്തനങ്ങളും വാതിൽപ്പടി ശേഖരണവും ഉറപ്പാക്കുന്നു. 5. ഉറവിട മാലിന്യ സംസ്കരണത്തിനുള്ള മാതൃകകളെ പൊതുജന ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നതിനും അവയെ ശീലവത്കരണത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുമുള്ള ആസൂത്രണവും പ്രവർത്തനങ്ങളും നടത്തി വരുന്നു. 6. മാലിന്യം തരംതിരിക്കൽ സംബന്ധിച്ച പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നു. 7. മാലിന്യ സംസ്കരണ നിയമ ലംഘനങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ ഏകോപിപ്പിക്കുന്നു. സ്ക്വാഡുകൾ രൂപീകരിച്ച് കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നു. 8. സമ്പൂർണ്ണ ജലശുചിത്വയജ്ഞ പ്രചരണ പരിപാടിയുടെ ഭാഗമായി ജലാശയങ്ങളെ മാലിന്യ മുക്തമാക്കുന്നതിനായി "തെളിനീർ ഒഴുകും നവകേരളം" പദ്ധതി വിപുലമായി നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ